ഉത്തരം

(എ) സുൽത്താൻബത്തേരി എംപ്ലോയ്മെന്റ് ഓഫീസർക്കെതിരെയുള്ള അഴിമതി ആരോപണങ്ങളും പത്രവാർത്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബത്തേരി എംപ്ലോയ്മെന്റ് ഓഫീസറെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ഇത് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരിശോധിക്കുന്നതാണ്.

(ഡി) അറിയിക്കപ്പെടുന്ന ഓരോ വേക്കൻസിക്കും നിയമാനുസൃതം അർഹതയുള്ള 10 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് മാത്രമേ എംപ്ലോയ്മെന്റ് ഓഫീസർ അയക്കാറുള്ളൂ. അതിൽ നിന്നും ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തി ഏറ്റവും നല്ല ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉദ്യോഗദായകന്റെതാണ്. പി.എസ്.സി അഡ്വൈസ് ലിസ്റ്റ് അയയ്ക്കുന്നതുപോലെ എംപ്ലോയ്മെന്റിൽ നിന്നും ആരെയും നിയമനത്തിന് ശുപാർശ ചെയ്യാറില്ല.

199 (1803) കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് ഐ.ടി.ഐ.ക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള കെട്ടിടസൗകര്യം പ്രസ്തുത സ്ഥാപനത്തിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടത്തിന്റെ കുറവുകൊണ്ട് പുതിയ കോഴ്സുകൾ ആരംഭിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. സ്ഥലസൗകര്യം ഇല്ലാത്തതിനാൽ കണ്ണൂർ മുനിസിപ്പാലിറ്റി വകയായുള്ള ആയിക്കര ബസ് സ്റ്റാന്റിന് സമീപമുള്ള മുനിസിപ്പൽ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly